**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 905** **18-09-2025 - ൽ മറുപടിയ്ക്ക്**

**ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠന സൗകര്യം ആരംഭിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | ചേലക്കര നിയോജകമണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠന സൗകര്യമില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ചേലക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കന്ററി ബാച്ച് ആരംഭിക്കുന്നതിനു നിലവിലുള്ള അക്കാദമിക്ക് ബ്ലോക്കിനു മുകളിൽ 40 വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തി ചെയ്യുന്നതിനു പൊതുമരാമത്ത് വകുപ്പിനും തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠന സൗകര്യം ഏർപ്പെടുത്തതിനു നടപടി സ്വീകരിക്കുന്നതാണ് . |
| (ബി) | സംവരണ മണ്ഡലമായ ചേലക്കരയിൽ ധാരാളം പട്ടികജാതി വിദ്യാർത്ഥികളുള്ളതിനാൽ അടുത്ത അധ്യയന വർഷം മുതൽ ചേലക്കര മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു പഠനസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) | ചേലക്കര നിയോജക മണ്ഡലത്തിൽ പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർ സെക്കന്ററി ബാച്ച് ആരംഭിക്കുന്നതിനു നിലവിലുള്ള അക്കാദമിക്ക് ബ്ലോക്കിനു മുകളിൽ 40 വിദ്യാർത്ഥികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.<br><br>അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവൃത്തി ചെയ്യുന്നതിനു പൊതുമരാമത്ത് വകുപ്പിനും തൃശ്ശൂർ ജില്ലാ പട്ടികജാതി വികസന ഓഫീസർക്കും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്ലസ് ടു |

| | | | |
|---|---|---|---|
| | | | പഠന സൗകര്യം ഏർപ്പെടുത്തതിനു നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ